**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3421** **05-08-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ കമ്മി തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി ജോയി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾ റവന്യൂ ശോഷണം നേരിടുമ്പോഴും കേന്ദ്ര സർക്കാർ ഇന്ധനത്തിന്മേൽ ഉൾപ്പെടെ വിവിധ സെസ്സിനങ്ങളിൽ ഈടാക്കുന്ന തുക വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെസ്സ് ആയി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർചാർജ്ജ്, സെസ് എന്നിവ വർദ്ധിക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിൽ കുറവ് വരുന്നതായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി 42% നിന്നും 50% ആയി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | റവന്യൂ കമ്മി തരണം ചെയ്യാനായി മുൻ വർഷം വർദ്ധിപ്പിച്ച് നൽകിയ കടമെടുപ്പ പരിധി ഈ സാമ്പത്തിക വർഷം കൂടി നിലനിർത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ? | (ബി) | ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ച കൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ